നമ്പർ എ.യു ഡ്ബ്ലിയു എം 18/ 2019

സെക്രട്ടറിയുടെ കാര്യാലയം,
കാർഷിക നഗരമൊത്തവ്യാപാരവിപണി
മരട് തീയ്യതി-25/04/2019

## ടെൻഡർ നോട്ടീസ്

2019-20 സാമ്പത്തിക വർഷം മരട് കാർഷിക നഗര മൊത്തവ്യാപാര വിപണിയിലെ പച്ചക്കറിക്കടകളിൽ നിന്നുള്ള മാലിന്യം വേസ്റ്റ് യാർഡിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള ജോലികൾ മാർക്കറ്റ് അതോറിറ്റി ആവശ്യപ്പെടുന്ന രീതിയിലും സമയത്തിനും ചെയ്തു നൽകുന്നതിന് താൽപര്യമുള്ള ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ള വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും മുദ്രവച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു

ടെൻഡറുകൾ സമർപ്പിക്കുന്ന കവറിനു പുറത്ത് " **മാലിന്യം നീക്കം ചെയ്തു നൽകുന്നതിനുള്ള ടെൻഡർ** " എന്ന് രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. മാലിന്യം കുഴികൾ എടുത്ത് നിക്ഷേപിക്കേണ്ടതും കുഴികൾ മൂടേണ്ടതുമാണ്. മാലിന്യം നീക്കുന്നതിന് കൂലിക്കാർ ജെ.സി.ബി ടിപ്പർ ലോറി എന്നിവ ഉപയോഗിക്കാവുന്നതാണ്. **ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുള്ള തുകയാണ് രേഖപ്പെടുത്തേണ്ടത്**. വേസ്റ്റ് യാർഡിലെ നിലവിലുള്ള മാലിന്യമുൾപ്പടെ 31 മാർച്ച്-2020 വരെയുള്ള മാലിന്യവും നീക്കം ചെയ്യേണ്ടതാണ്.

ടെൻഡറുകൾ 20/05/2019 നു പകൽ 1.00 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 2.30 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരുടെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ളവരുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. ടെൻഡറുകൾ സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം സെക്രട്ടറിക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ടെൻഡർ ഫോം 26/04/2019 -ാം തീയതി പകൽ 10 മണി മുതൽ 20/05/2019 പകൽ 1 മണി വരെ മാർക്കറ്റ് സെക്രട്ടറിയുടെ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം മരട്, അഗ്രികൾച്ചറൽ അർബൻ ഹോൾസെയിൽ മാർക്കറ്റ് സെക്രട്ടറിയുടെ പേരിൽ എറണാകുളം ജില്ല ഇൻഡ്യൻ ബാങ്കിൻെറ മരട് ബ്രാഞ്ചിൽ മാറാവുന്ന 25000/- രൂപ (ഇരുപത്തയ്യായിരം രൂപ മാത്രം) യുടെ ഡിമാൻറ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി വയ്ക്കേണ്ടതാണ്.

Rev സെക്രട്ടറി,
കാർഷിക നഗരമൊത്തവ്യാപാരവിപണി
മരട

SECRETARY
Joint Director of Agriculture
Agricultural Urban Wholesale Market
Maradu, Nettoor P.O., Ernakulam